# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4286 3.02.2014-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. എ.കെ. ബാലൻ<br>" പി.റ്റി.എ.റഹീം<br>" കെ.വി.വിജയദാസ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സഹായം നൽകാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകാനുള്ള പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>• വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണി, കോഴ്സ് ഫീ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ.<br>• 100%കേന്ദ്രാവിഷ്കൃത പദ്ധതികളായ പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികളുടെ പരിധിയിൽ വരാത്ത 2 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ചെലവും, കേന്ദ്ര സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്ക് കേന്ദ്രസ്കോളർഷിപ്പിന് പുറമെ നൽകുന്ന ആനുകൂല്യങ്ങൾക്കുള്ള ചെലവുകളും.<br>• സർക്കാരിന്റെ തീരുമാനത്തിനനുസൃതമായി ലാപ്ടോപ്പ്, ടാബ്ലെറ്റ് പി.സി തുടങ്ങിയവ നൽകുന്നതിനുവേണ്ടിയുള്ള തുക. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗിനായി വേണ്ടി വരുന്ന തുക.<br>• വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പഠനയാത്രകൾക്ക് വേണ്ടി വരുന്ന സർക്കാർ അംഗീകൃത നിരക്കിലുള്ള ചെലവുകൾ.<br>• പഠനത്തിൽ മികവു പുലർത്തുന്ന മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ്/യൂണിവേഴ്സിറ്റി ലെവൽ ക്യാഷ് അവാർഡുകൾ.<br>• ശമ്പളം, അലവൻസ് ഒഴികെയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ എല്ലാ ദൈനംദിന ചെലവുകൾ, മെയിന്റനൻസ്, റിപ്പയർ ചെലവുകൾ, വേസ്റ്റ് മാനേജ്മെന്റ്, ലാന്റ്സ്കേപ്പിംഗ്, ജലവിതരണം, പാരമ്പര്യേതര ഊർജ്ജത്തിനുള്ള ചെലവുകൾ, ഗവൺമെന്റ് അംഗീകരിക്കുന്ന സ്റ്റാഫ് പാറ്റേണിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ചെലവുകൾ, മറ്റു ന്യൂട്രീഷൻ |

(...2)

| | | | |
|---|---|---|---|
| | | | ബോർഡ് നിർദ്ദേശിക്കുന്നതനുസരിച്ചുള്ള പോഷകാഹാരങ്ങൾ നൽകുന്നതിനും, പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നതിനും; ഓൺലൈൻ അഡ്മിഷൻ, വെബ്സൈറ്റ് തുടങ്ങിയ മോഡണൈസേഷൻ ഇ-ഗവേണൻസ് അധിഷ്ഠിത പരിപാടികൾ നടത്തുന്നതിനുമുള്ള ചെലവുകൾ.<br>• 44 ഐ.റ്റി.ഐ.കളിൽ പണികൾ ചെയ്യുന്നതിനും, ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും, പുതിയ ട്രേഡുകൾക്ക് അഫിലിയേഷൻ നൽകുന്നതിനും, DGE&T കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും, വിദ്യാർത്ഥികൾക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുന്നതിനും, സ്കിൽ ഡവലപ്മെന്റ് പരിപാടികൾ നടപ്പിലാക്കുന്നതിനുമുള്ള ചെലവുകൾ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ പദ്ധതികൾ ഐ.റ്റി.ഐ-കളിൽ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ.<br>• പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐ.റ്റി.ഐ-കൾ എന്നിവയിൽ വിവിധ ഇനം വാർഷിക കലാ കായിക പരിപാടികൾ നടത്തുന്നതിനും, ക്യാമ്പുകൾ മുതലായവ സംഘടിപ്പിക്കുന്നതിനും, വേണ്ട സാമ്പത്തിക സഹായം.<br>• വിദേശ പഠനത്തിനുള്ള സഹായം.<br>• ICSETS, PETC, Cyber Sri മുതലായ സ്ഥാപനങ്ങൾക്ക് അവ സമർപ്പിക്കുന്ന വിദ്യാഭ്യാസ സംബന്ധമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിലുള്ള ധനസഹായം.<br>• മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടുന്ന, വാർഷിക വരുമാന പരിധി 2 ലക്ഷം രൂപ വരെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക്, പ്രാരംഭ ചെലവുകൾക്കായി യഥാക്രമം 10,000/-, 5,000/-രൂപ നിരക്കിൽ ധനസഹായം. സ്കൂൾ യുവജനോത്സവങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് കാഷ് അവാർഡ്, പ്ലസ് ടൂവിന് എല്ലാ വിഷയങ്ങളിലും ബി പ്ലസും അതിന് മുകളിലും ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് ധനസഹായം. |
| (ബി) | ഈ പദ്ധതിക്കായി വകയിരുത്തിയ 151 കോടി രൂപയിൽ കേവലം 18% മാത്രം ചെലവഴിക്കാനിടയായ സാഹചര്യം അറിയിക്കുമോ; | (ബി) | ഈ പദ്ധതിക്കുവേണ്ടി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സാമ്പത്തിക വർഷാവസാനത്തോടെ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയുന്നതാണ്. |
| (സി) | സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് | (സി) | സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാകമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും |

(...3)

| | | | |
|---|---|---|---|
| | വിദ്യാഭ്യാസ സഹായം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | | DME, DHS, Nursing Council തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്കുലിസ്റ്റിൽ നിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം 02.07.2009 ലെ ജി.ഒ(പി)50/09/പജപവവിവ പ്രകാരം നൽകുന്നതാണ്. മാനേജ്മെന്റ്, പ്രിവിലേജ്, എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് ആനുകൂല്യത്തിന് അർഹതയില്ല. |

Bal... K.T

**സെക്ഷൻ ആഫീസർ**